(ഇ) റേഷൻ വ്യാപാരി ക്ഷേമനിധി ബില്ലിന് 1998 ആഗസ്റ്റ് 9-ാം തീയതി ഗവർണറുടെ അനുമതി ലഭിച്ചു. 10-ാം തീയതി അസാധാരണ ഗസറ്റായി നിയമം പ്രസിദ്ധീകരിച്ചു. ക്ഷേമനിധി സംബന്ധിച്ച വിശദമായ ഒരു സ്കീം തയ്യാറാക്കിയ ശേഷമേ ഇത് യഥാർത്ഥത്തിൽ നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. അതിനുവേണ്ടി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയും സ്കീം തയ്യാറാക്കുകയും മാനേജിംഗ് കമ്മിറ്റിക്കും മറ്റും രൂപം നൽകുകയും ചെയ്തിട്ടുണ്ട്. 28-12-1999-ൽ ചേർന്ന മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനപ്രകാരം 2000 ജനുവരി മുതൽ അംഗങ്ങളെ ചേർത്തു തുടങ്ങി.

(എഫ്) 3-3-2000-വരെ 9701 റേഷൻ വ്യാപാരികൾ അംഗങ്ങളായിട്ടുണ്ട്. ക്ഷേമനിധിയിൽ വിഭാവനം ചെയ്തിട്ടുള്ള ആനുകൂല്യങ്ങൾ ഇവയാണ്;

(1) 65 വയസ്സും 10 വർഷത്തെ 'സർവീസും' ഉള്ള റേഷൻ വ്യാപാരികൾക്ക് പ്രതിമാസ പെൻഷൻ ഓരോ 5 വർഷ അധിക സർവ്വീസിനും അടിസ്ഥാന പെൻഷന്റെ 5% വർദ്ധനവ്.

(2) അപകടംമൂലം സ്ഥിരമായ അംഗവൈകല്യമോ ഗുരുതരാവസ്ഥയോ സംഭവിച്ചാൽ ധനസഹായം. ക്രിത്രിമ കൈകാൽ വയ്ക്കുന്നതിന് ധനസഹായം.

(3) ഹൃദയം, വൃക്ക എന്നിവയുടെ അനുബന്ധ രോഗങ്ങൾക്കും ക്യാൻസർ തുടങ്ങിയ മാരക രോഗങ്ങൾക്കും ചികിത്സയ്ക്ക് ധനസഹായം.

(4) ഓരോ വർഷവും നടക്കുന്ന എസ്.എസ്.എൽ.സി., പ്രീഡിഗ്രി പരീക്ഷകളിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയ 3 പേർക്ക് വീതം വിദ്യാഭ്യാസ സ്കോളർഷിപ്പ്.

(5) വ്യാപാരം നടത്തുന്നതിനായി, നിക്ഷേപത്തുകയിൽ കവിയാത്ത ഒരു തുക വായ്പയായി അനുവദിക്കും. ഇത് 6 തുല്യ ഗഡുക്കളായി തിരിച്ചടച്ചാൽ മതി.

(6) അംഗമായ ശേഷം പൂർത്തിയായ വർഷത്തിന്റെ അടിസ്ഥാനത്തിൽ, അംഗത്തിനോ മരണാനന്തരം നോമിനിക്കോ ഒരു നിശ്ചിത തുക അനുവദിച്ചു നൽകുന്നതാണ്.

(7) കൂടുതൽ ക്ഷേമപദ്ധതികൾ നടപ്പാക്കുവാൻ സർക്കാരിന്റെ അനുമതിക്കു വിധേയമായി ക്ഷേമനിധി കമ്മിറ്റിക്ക് അധികാരമുണ്ട്.

140 (2054) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ തിരുവനന്തപുരത്തെ ചാല സബ്ഡിപ്പോയിൽനിന്നുള്ള ഭക്ഷ്യധാന്യ വിതരണം

<u>ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ തിരുവനന്തപുരത്തെ ചാല സബ് ഡിപ്പോയിൽനിന്നും റേഷൻ വ്യാപാരികൾക്ക് നൽകുന്ന ഭക്ഷ്യധാന്യങ്ങളിൽ വരുത്തുന്ന തൂക്കക്കുറവിനെ സംബന്ധിച്ച ലീഗൽ മെട്രോളജി വകുപ്പ്, 2000 ഫെബ്രുവരി മാസത്തിൽ പ്രസ്തുത ഡിപ്പോയിൽനിന്നും തൂക്കി കൊടുത്ത സാധനങ്ങൾ വീണ്ടും തൂക്കി പരിശോധിച്ചതിൽ കുറവ് കണ്ടുപിടിക്കുകയുണ്ടായോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപന ത്തിലെ ഉദ്യോഗസ്ഥന്മാരിൽ നിന്നും പിഴ ഈടാക്കിയിരുന്നുവോ;

(സി) എങ്കിൽ ഏതൊക്കെ ഉദ്യോഗസ്ഥരിൽനിന്നും എന്തു തുക വീതം ഈടാക്കിയെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സ്ഥാപനത്തിൽനിന്നും കരിഞ്ചന്തയിൽ വിറ്റ അരി എപ്പോ ഴെങ്കിലും പോലീസ് പിടിച്ചെടുത്ത് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ടായി.

(ബി) പിഴ ഈടാക്കിയിരുന്നു.

(സി) സീനിയർ അസിസ്റ്റന്റ് ശ്രീ. അബ്ദുൾ ജബ്ബാർ, ഹെൽപ്പർ ശ്രീ. പ്രസന്നകുമാർ എന്നിവരിൽനിന്നും 5000 രൂപവീതം ലീഗൽ മെട്രോളജി വകുപ്പ് പിഴ ഈടാക്കിയിട്ടുണ്ട്. സബ്ഡിപ്പോയുടെ ചാർജ്ജ് വഹിച്ചിരുന്ന ശ്രീ. ആർ. വിക്രമൻ നായർക്ക് ലീഗൽ മെട്രോളജി വകുപ്പിൽനിന്നും നോട്ടീസ് കൊടുക്കുകയും 18.3.2000-വരെ പിഴ അടയ്ക്കുവാൻ സമയം നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി)&(ഇ) 1997 ഫെബ്രുവരി മാസം 20-ാം തീയതി ടെമ്പോ വാനുക ളിൽ കടത്തിക്കൊണ്ടുപോയ റേഷൻ സാധനങ്ങൾ വാനുകളിൽ പോയ സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥന്മാരെ ദേഹോപദ്രവം ഏൽപ്പിച്ചതിനെ സംബ ന്ധിച്ച് ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പുറമെ 1997 സെപ്റ്റംബർ മാസം 8-ാം തീയതി കെ.എൽ. - 01 ഡി-189-ാം നമ്പർ ലോറിയിൽ അനധികൃതമായി റേഷൻ സാധനങ്ങൾ കടത്തിക്കൊണ്ടുപോകുമ്പോൾ ഫോർട്ട് പോലീസ് പിടി ച്ചെടുത്ത അവശ്യവസ്തു നിയമപ്രകാരം 460/97-ാം നമ്പരായി മറ്റൊരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

141 (2955) മാവേലിസ്റ്റോറുകൾ

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ എത്ര മാവേലിസ്റ്റോറുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്; ഇതിന്റെ ജില്ല തിരി ച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) സപ്ലൈകോയുടെ കീഴിൽ മാവേലിസറ്റോറുകൾക്കു പുറമെ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ ഏതെല്ലാം;

(സി) എത്ര സൂപ്പർ മാർക്കറ്റുകളും മിനി സൂപ്പർ മാർക്കറ്റുകളും പ്രവർത്തിക്കുന്നുണ്ട്;

(ഡി) സപ്ലൈകോയുടെ കീഴിൽ എത്ര വർക്കർമാരും ഹെൽപ്പർമാരും ജോലി ചെയ്യുന്നുണ്ട്;

(ഇ) സപ്ലൈകോയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എത്രപേർ ജോലി ചെയ്യുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly